**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5749** **08-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നേതൃത്വത്തിനായി പ്രൊഫഷണലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃസ്ഥാനങ്ങളിൽ കാര്യപ്രാപ്തിയുള്ള പ്രൊഫഷണലുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും എം.ഡി./സി.ഇ.ഒ മാരുടെ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പബ്ലിക് എന്റർപ്രൈസ്സ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് എന്ന ഒരു വിദഗ്ദ്ധ സമിതി ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) അധ്യക്ഷനായി 08/07/2019ലെ ജി.ഒ (എം.എസ്) നം. 24/2019/ പി&ഇ.എ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവരെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ബോർഡോ സമിതിയോ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും എം.ഡി./സി.ഇ.ഒ മാരുടെ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പബ്ലിക് എന്റർപ്രൈസ്സ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് എന്ന ഒരു വിദഗ്ദ്ധ സമിതി ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) അധ്യക്ഷനായി 08/07/2019ലെ ജി.ഒ (എം.എസ്) നം. 24/2019/ പി&ഇ.എ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (സി) | വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി അതാത് ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സഹിതം പ്രസ്തുത തസ്തികയിലേക്ക് അനുയോജ്യരായവരെ തിരഞ്ഞെടുക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.പി.ഇ.എസ്.ബി യുടെ വെബ് സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, വിപുലമായ രീതിയിൽ പത്ര പരസ്യം ഉൾപ്പെടെ നൽകുകയും ഇത് പ്രകാരം അപേക്ഷിക്കുന്നവരിൽ നിന്നും യോഗ്യരായവരുടെ ഒരു ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി അനുയോജ്യരായവരുടെ ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവു വരുന്ന മുറയ്ക്ക് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയുടെ വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനു ശേഷം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടു കൂടി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു. |
| (ഡി) | പുതിയ നിയമനരീതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം സ്ഥാപനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ കെ.പി.ഇ.എസ്.ബി മുഖേന തെരഞ്ഞെടുത്ത മാനേജിംഗ് ഡയറക്ടർമാർ ആണ് നിലവിൽ ചുമതല വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ